I/228713/2023

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ്ടവർ ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി : 14-08-2023

## ജി.എസ്.ടി- "ബെസ്റ്റ് ജഡ്ജ്മെന്റ് അസ്സസ്സ്മെന്റ്"- ആംനസ്റ്റി സ്കീം - അവസാന തീയ്യതി ഓഗസ്റ്റ് 31

ജി.എസ്.ടി. റഗുലർ രജിസ്ട്രേഷൻ എടുത്തിട്ടുള്ളവർ സമയബന്ധിതമായി ജി.എസ്.ടി.ആർ -3 ബി റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017 ലെ വകുപ്പ് 62 പ്രകാരം ബന്ധപ്പെട്ട പ്രോപ്പർ ഓഫീസർ നടത്തിയ "ബെസ്റ്റ് ജഡ്ജ്മെന്റ് അസ്സസ്സ്മെന്റ് (ASMT - 13)" ഉത്തരവുകൾ പ്രകാരം ഉണ്ടായ ഡിമാന്റുകൾ പിൻവലിപ്പിക്കുന്നതിന്, ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശ പ്രകാരം, നികുതിദായകർക്ക് ഒരു അവസരം കൂടി നൽകിക്കൊണ്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. കേന്ദ്ര വിജ്ഞാപനം - 6/2023- സെൻട്രൽ ടാക്സ് തിയ്യതി: 31.03.2023, 24/2023-സെൻട്രൽ ടാക്സ് തിയ്യതി : 17.07.2023. ഈ ആംനസ്റ്റി സ്കീം പ്രകാരമുള്ള ഇളവ് ഓഗസ്റ്റ് 31 , 2023 ന് അവസാനിക്കും.

മേൽപ്പറഞ്ഞ വിജ്ഞാപനങ്ങൾപ്രകാരം ജൂലൈ 2017 മുതൽ ഫെബ്രുവരി 2023 വരെ ഏതെങ്കിലും ടാക്സ് പിരീഡിൽ ബെസ്റ്റ് ജഡ്ജ്മെന്റ് അസ്സസ്സ്മെന്റ് (ASMT - 13 ) ഉത്തരവുകൾ കൈപ്പറ്റി 30 ദിവസത്തിനകം ബന്ധപ്പെട്ട ജി.എസ്.ടി.ആർ -3 ബി റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ നികുതി കുടിശ്ശിക ഉണ്ടായവർ **31.08.2023 ന്** മുൻപായി പ്രസ്തുത ടാക്സ് പിരീഡിലെ റിട്ടേൺ ലേറ്റ് ഫീ സഹിതം, ബാധകമായ പലിശയും അടച്ച് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ കുടിശ്ശിക പിൻവലിക്കുന്നതാണ്. നേരത്തെ തന്നെ ലേറ്റ് ഫീ സഹിതം റിട്ടേൺ ഫയൽ ചെയ്യുകയും, എന്നാൽ ബാധകമായ പലിശ അടക്കാത്തവരുമുണ്ടെങ്കിൽ പ്രസ്തുത പലിശ **31.08.2023** ന് മുൻപ് അടച്ചുകൊണ്ട് ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള അസ്സെസ്സ്മെന്റ് ഉത്തരവുകളിൽ അപ്പീൽ ഫയൽ ചെയ്തവർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നേരത്തേ 30.06.2023 വരെ മാത്രം ഉണ്ടായിരുന്ന ആംനസ്റ്റി സ്കീമാണ് 50-ാമത് ജി.എസ്.ടി. കൗൺസിൽ ശുപാർശ പ്രകാരം **31.08.2023** വരെ നീട്ടിയിരിക്കുന്നത്.

ഈ ആംനസ്റ്റി സ്കീം പ്രയോജനപെടുത്തുന്ന നികുതിദായകർ വിജ്ഞാപനത്തിന് വിധേയമായിക്കൊണ്ട് റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട

I/228713/2023

സർക്കിൾ ഓഫീസിൽ അറിയിക്കുന്നത് താമസം കൂടാതെ നികുതി കുടിശ്ശിക പിൻവലിക്കുന്നതിന് സഹായകരമാകും. എല്ലാ ബന്ധപ്പെട്ട നികുതിദായകരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

Sd/-

COMMISSIONER